പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 637

10/07/2014-ൽ മറുപടിയ്ക്കു്

**അയിത്താചരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്തെ പല ക്ഷേത്രങ്ങളിലും അയിത്താ ചരണം നിലനിൽക്കുന്നു ണ്ടെന്ന മുനഷ്യാവകാശ കമ്മീഷൻെറ പ്രസ്താവന യുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയിരുന്നോ; എന്താ യിരുന്നു റിപ്പോർട്ട് എന്ന് അറിയിക്കാമോ; | എ) & ബി) | കേരളത്തിലെ ഒരു ക്ഷേത്രത്തിലും അയിത്താ ചരണം നിലനിൽക്കുന്നില്ല. എന്നാൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ കാസർഗോഡ് ഡിവിഷനിൽ ശ്രീ. ടി.ടി.കെ. ദേവസ്വം ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിലെ അസമത്വം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതിയിന്മേൽ കാസർഗോഡ് അസിസ്റ്റൻറ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടിടികെ ദേവസ്വം ഗ്രൂപ്പിൽപ്പെട്ട ശ്രീ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ മനുഷ്യാവകാശങ്ങൾ ലംഘിച്ചുകൊണ്ട് അസമത്വങ്ങൾ നടന്നുവന്നിട്ടുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. ആയതിൻെറ അടിസ്ഥാനത്തിൽ അയിത്തോച്ചാടന നിയമം അനുസരിച്ച് ക്ഷേത്രങ്ങളിൽ യാതൊരുവിധ അസമത്വങ്ങളും വെച്ച് പുലർത്താൻ പാടില്ലെന്നും കുറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ക്ഷേത്ര ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) അയിത്താചരണം നടത്തു ന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാ ക്കാമോ? | | |

സെക്ഷൻ ഓഫീസർ